ഉത്തരം

(എ) അഗസ്ത്യമല ബയോസ്ഫിയർ റിസർവ്.

(ബി) നെയ്യാർ, പേപ്പാറ, ഷെന്തുരുണി എന്നീ വന്യജീവി സങ്കേതങ്ങളും അച്ചൻകോവിൽ, തെൻമല, കോന്നി, പുനലൂർ, തിരുവനന്തപുരം എന്നീ ഡിവിഷനുകളും അഗസ്ത്യവനം സ്പെഷ്യൽ ഡിവിഷനും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്.

(സി) 1,701 ചതുരശ്ര കിലോമീറ്റർ.

(ഡി) ഇല്ല. ഇക്കോ-ഡവലപ്മെന്റ് നടപടികൾ, പരിസ്ഥിതി വിദ്യാഭ്യാസവും പരിശീലനവും, ആവാസവ്യവസ്ഥ മെച്ചപ്പെടുത്തൽ, മനുഷ്യനും വന്യജീവിയും തമ്മിലുള്ള സംഘർഷം കുറയ്ക്കൽ എന്നിവയാണ് ഇതുകൊണ്ടുള്ള പ്രയോജനങ്ങൾ.

വനാന്തർ ഭാഗത്തുകൂടി കടന്നുപോകുന്ന നദികളിൽനിന്നും അനധികൃത മണൽ വാരൽ

83 [4821] ശ്രീ. ഡി. സുഗതൻ:
„ എം. എ. ചന്ദ്രശേഖരൻ:
„ എം. കെ. പോൾസൺ മാസ്റ്റർ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാന്തർഭാഗത്തുകൂടി ഒഴുകുന്ന നദികളിൽനിന്നും മണൽവാരൽ നടക്കുന്നുണ്ടോ;

(ബി) വനത്തിനുള്ളിൽക്കൂടി ഒഴുകുന്ന നദീഭാഗത്തുനിന്നും മണൽ വാരുന്നതു തടയാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്;

(സി) മുൻ ഗവൺമെന്റിന്റെ കാലത്ത് കായംകുളം തെർമ്മൽ പവർസ്റ്റേഷനോടനുബന്ധിച്ചുള്ള പണികൾക്കുവേണ്ടി വനങ്ങളുടെ ഉള്ളിലുള്ള നദീഭാഗത്തുനിന്ന് മണൽ വാരിയത് സംബന്ധിച്ച് ആരോപണമുണ്ടായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വനാന്തർഭാഗത്തുകൂടി ഒഴുകുന്ന നദിയിൽനിന്ന് ആരെല്ലാം മണൽ വാരിയത് സംബന്ധിച്ചാണ് ആരോപണമുണ്ടായിട്ടുള്ളത്;

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ആരോപണത്തെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനെപ്പറ്റി അന്വേഷിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വനത്തിൽക്കൂടി ഒഴുകുന്ന നദികളിൽനിന്നും അനധികൃത മണൽവാരൽ തടയുന്നതിന് റേഞ്ചുതലത്തിലെ ഉദ്യോഗസ്ഥൻമാരും ഫോറസ്റ്റ് ഫ്ളെയിംഗ് സ്കാഡ് ഉദ്യോഗസ്ഥരും ജാഗ്രത പുലർത്തുകയും അത്തരം സ്ഥലങ്ങളിൽ പതിവായി പട്രോളിംഗ് നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ അംഗീകൃത കടവുകളിൽനിന്നും മണൽ വാരുന്നത് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ്. ഓരോ ലോഡു മണലിനും

LIBRARY ARCHIVES Kerala Legislative Assembly

ഫോറസ്റ്റ് പാസ്സ് നിർബന്ധമാക്കിയിട്ടുണ്ട്. ഇപ്രകാരം നൽകുന്ന പാസ്സിന്റെ ദുരുപയോഗം തടയുന്നതിന് പാസ്സിന്റെ കാലാവധി യഥാർത്ഥത്തിൽ ലക്ഷ്യസ്ഥാനത്ത് എത്തുവാനുള്ള സമയമായി ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ശ്രീ. നൗഷാദ്ഖാൻ, ശ്രീ. കെ. സി. രവീന്ദ്രൻ എന്നിവർ കായംകുളം എൻ.റ്റി.പി.സി.-യുടെ പണിക്കായി കുളത്തൂപ്പുഴ റെയിഞ്ചിൽനിന്നും മണൽ ശേഖരിച്ചതു സംബന്ധിച്ചാണ് ആരോപണമുണ്ടായിട്ടുള്ളത്.

(ഇ) സംസ്ഥാന വിജിലൻസ് ഇതേപ്പറ്റി അന്വേഷണം നടത്തുന്നുണ്ട്.

കണ്ടൽക്കാടുകളെക്കുറിച്ച് പഠനം

84 [4823] ശ്രീ. പിരപ്പൻകോട് മുരളി:

,, കെ. പി. സതീശ് ചന്ദ്രൻ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കണ്ടൽക്കാടുകളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ടൽക്കാടുകളുടെ വികസനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ?

ഉത്തരം

(എ) ഉണ്ട്. 1991-92 കാലഘട്ടത്തിൽ കണ്ടൽക്കാടുകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.†

(ബി) കേരളത്തിലെ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനും വികസനത്തിനുമായി 88.17 ലക്ഷം രൂപ ചെലവു പ്രതീക്ഷിക്കുന്ന മാനേജ്മെന്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനും ധനസഹായത്തിനുമായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കണ്ടൽ വനങ്ങളുടെ സംരക്ഷണത്തിനായി നിയമനിർമ്മാണം നടത്തുന്ന കാര്യവും സർക്കാർ പരിശോധിച്ചു വരുന്നു.

എസ്റ്റേറ്റുകൾക്കായി പാട്ടത്തിന് കൊടുത്തിട്ടുള്ള വനഭൂമിയും പാട്ടം തുക പുതുക്കുന്നതിന് നിയമനിർമ്മാണവും

85 [4826] ശ്രീ. എൻ. ഡി. അപ്പച്ചൻ:

,, ജി. പ്രതാപവർമ്മ തമ്പാൻ:

,, എ. പി. അനിൽകുമാർ:

,, പി. ടി. തോമസ്:

ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly